# കേരള കാർഷിക സർവകലാശാല

**നാളികേര ഗവേഷണകേന്ദ്രം, ബാലരാമപുരം**

**കട്ടച്ചൽക്കുഴി, ബാലരാമപുരം**

നമ്പർ ബി : 0183/2024 തീയതി : 07.01.2025

**<u>ക്വട്ടേഷൻ/ പരസ്യലേലം നോട്ടീസ്</u>**

കട്ടച്ചൽക്കുഴി നാളികേര ഗവേഷണ കേന്ദ്രത്തിലെ ലൈവ്സ്റ്റോക്ക് യൂണിറ്റിലെ 123(A), 143 എന്നീ നമ്പർ പശുക്കളെ ലേലം ചെയ്തു വിൽക്കുവാൻ തീരുമാനിച്ചിരിക്കുന്നു. പശുക്കളെ വാങ്ങുവാൻ താല്പര്യമുള്ളവരിൽ നിന്നും മത്സര സ്വഭാവത്തിലുള്ള ക്വട്ടേഷൻ/ പരസ്യലേലം ക്ഷണിച്ചു കൊള്ളുന്നു.

പശുക്കളെ പ്രത്യേകമായോ ക്വട്ടേഷൻ/പരസ്യലേലം മുഖേന വാങ്ങാവുന്നതാണ്.

മത്സര സ്വഭാവത്തിലുള്ള ക്വട്ടേഷൻ മുഖേന പശുവിനെ വാങ്ങുവാൻ താല്പര്യമുള്ളവർ താത്പര്യപ്പെടുന്ന വില രേഖപ്പെടുത്തി (മൊത്തമായോ/പ്രത്യേകമായോ) കവറിലാക്കി സീൽ ചെയ്തു, കവറിനു പുറത്ത് **"പശുവിനെ വാങ്ങുന്നതിനുള്ള ക്വട്ടേഷൻ" എന്ന് രേഖപ്പെടുത്തി അസോസിയേറ്റ് പ്രൊഫസർ & ഹെഡ്, നാളികേര ഗവേഷണ കേന്ദ്രം, കട്ടച്ചൽക്കുഴി പി.ഒ., ബാലരാമപുരം – 695501** എന്ന വിലാസത്തിൽ **15.01.2025-ന്** രാവിലെ **10.30** മണിക്ക് മുമ്പായി അയയ്ക്കുകയോ നേരിട്ട് എത്തിയ്ക്കുകയോ ചെയ്യേണ്ടതാണ്. അന്നേ ദിവസം രാവിലെ 11.00 മണിക്ക് പശുവിന്റെ പരസ്യലേലവും ഉണ്ടായിരിക്കുന്നതാണ്. പരസ്യ ലേലത്തിനു ശേഷം ഹാജരുള്ള ക്വട്ടേഷണർമാരുടെ സാന്നിദ്ധ്യത്തിൽ അന്നേ ദിവസം തന്നെ ലഭിച്ച ക്വട്ടേഷനുകൾ തുറക്കുന്നതും, ക്വട്ടേഷനിലും പരസ്യലേലത്തിലും കൂടി ലഭ്യമായ ഏറ്റവും കൂടിയ നിരക്ക് സർക്കാർ/സർവകലാശാല മാനദണ്ഡങ്ങൾക്ക് വിധേയമായി അംഗീകരിക്കുന്നതു മായിരിക്കും. പരസ്യലേലം/ക്വട്ടേഷൻ സ്വീകരിക്കുന്നതിനും റദ്ദുചെയ്യുന്നതിനും, മാറ്റി വയ്ക്കുന്നതിനും നിരസിക്കുന്നതിനും, പുനർലേലം/പുനർക്വട്ടേഷൻ നടത്തുന്നതിനുള്ള പരമാധികാരം ഗവേഷണകേന്ദ്രം മേധാവിയിൽ/ഇതേ ആവശ്യത്തിനുവേണ്ടി രൂപീകരിക്കുന്ന കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

ക്വട്ടേഷനിലും, പരസ്യലേലത്തിലും പ്രത്യേകമായോ, രണ്ടിലും കൂടിയോ, പങ്കെടുക്കുവാൻ താൽപര്യപ്പെട്ടുവരുന്നവർക്കും അർഹതയുണ്ടായിരിക്കും.

ലേലത്തിനുള്ള പശുവിനെ നേരിൽക്കണ്ട് ബോധ്യപ്പെടുന്നതിന് താത്പര്യമുള്ളവർക്ക് നേരിൽ ഹാജരായാൽ ഓഫീസ് പ്രവൃത്തി സമയത്ത് അതിനുള്ള സൗകര്യം ചെയ്തു കൊടുക്കുന്നതാണ്. വിശദ വിവരങ്ങൾക്ക് 0471-2400621 എന്ന ടെലിഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

സർക്കാർ ക്വട്ടേഷനുകൾക്ക് ബാധകമായ എല്ലാ വ്യവസ്ഥകളും ഈ ക്വട്ടേഷനും ബാധകമാണ്.

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

**അസോസിയേറ്റ് പ്രൊഫസർ & ഹെഡിനുവേണ്ടി**

<u>പകർപ്പ് :</u>

1. കേരള കാർഷിക സർവ്വകലാശാല വെബ്സൈറ്റ്
2. അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, ആർ.എ.ആർ.എസ്. (ദക്ഷിണമേഖല), കാർഷിക കോളേജ്, വെള്ളായണി
3. അസിസ്റ്റന്റ് പ്രൊഫസർ & വെറ്റി ഇൻ – ചാർജ്ജ്
4. ഫാം സൂപ്പർവൈസർ ഗ്രേഡ്-II (വെറ്റി)
5. വെങ്ങാനൂർ/കോട്ടുകാൽ/ബാലരാമപുരം/കല്ലിയൂർ വില്ലേജാഫീസുകളിലെ നോട്ടീസ് ബോർഡിലേയ്ക്ക്
6. വെങ്ങാനൂർ/കോട്ടുകാൽ/ബാലരാമപുരം/കല്ലിയൂർ പഞ്ചായത്ത് ഓഫീസുകളിലെ നോട്ടീസ് ബോർഡിലേയ്ക്ക്
7. കരുതൽ ശേഖരം